# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2140** 07.07.2015- ൽ മറുപടിക്ക്

### കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ, ലേ ഓഫിലേക്ക് നീങ്ങുകയും, തൊഴിലാളികൾക്ക് ജോലിയും ശമ്പളവും ലഭിക്കാത്ത സാഹചര്യം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) ഉണ്ട്. 2014 നവംബർ മാസം മുതൽ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ ഭാഗികമായി ലോ-ഓഫിലായിരുന്നു. 2015 മെയ് മാസം 17 മുതൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലം പൂർണ്ണമായി ലേ-ഓഫ് ചെയ്യേണ്ടി വന്നു. എന്നാൽ ഏപ്രിൽ മാസം വരെയുള്ള ശമ്പളം എല്ലാ തൊഴിലാളികൾക്കും വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ 10.06.2015 മുതൽ മില്ലിൽ ഭാഗികമായി ലേ-ഓഫ് പിൻവലിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മിൽ നവീകരിക്കുന്നതിനും തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുമായി എൻ.സി.ഡി.സി.യുമായി ചേർന്ന് തയ്യാറാക്കിയ പദ്ധതി പ്രകാരം എൻ.സി.ഡി.സി.യിൽ നിന്നും 51.66 കോടി രൂപ ലഭിച്ചിരുന്നുവോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) എൻ.സി.ഡി.സിയിൽ നിന്നും 43.04 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം നൽകേണ്ട 5.74 കോടി രൂപ മില്ലിന് നൽകിയോ;ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ; തുക നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം നൽകുമോ ; | (സി) | ഇല്ല. കഴിഞ്ഞ സാമ്പത്തിക വർഷം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 100 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2015-16 ൽ 200 ലക്ഷം രൂപയും ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | തൊഴിലാളികൾക്ക് സർക്കാർ വിഹിതമായി നൽകേണ്ടുന്നതും,തൊഴിലാളികളിൽ നിന്നും ശേഖരിച്ചതുമായ ഇ.എസ്.ഐ, എൽ.ഐ.സി, പ്രോവിഡണ്ട് ഫണ്ട് എന്നീ തുകകൾ യഥാസമയം ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാത്ത വിവരം ശ്രദ്ധിച്ചിരുന്നോ; എങ്കിൽ ഓരോ ഇനത്തിലും അടയ്ക്കുവാനുള്ള തുക എത്രയാണെന്നും, ആയത് ഏതൊക്കെ കാലയളവിലേതാണെന്നും അറിയിക്കുമോ; | (ഡി) | ലേ-ഓഫ് കാരണം ഇ.എസ്.ഐ, എൽ.ഐ.സി, പ്രോവിഡണ്ട് ഫണ്ട് എന്നിവ അടയ്ക്കാൻ സാധിച്ചിട്ടില്ല. ഓരോ ഇനത്തിലും അടയ്ക്കാനുള്ള തുക ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ഇ.എസ്.ഐ(2014 ഒക്ടോബർ മാസം മുതൽ 2015 ഏപ്രിൽ വരെ) | ₹ 13,39,930/- |
| പ്രോവിഡണ്ട് ഫണ്ട് (2014 ആഗസ്റ്റ് മാസം മുതൽ 2015 ഏപ്രിൽ വരെ) | ₹ 72,99,954/- |
| എൽ.ഐ.സി (2014 ഒക്ടോബർ മാസം മുതൽ 2015 ഏപ്രിൽ വരെ) | ₹ 2,68,000/- |

| | | | |
|---|---|---|---|
| (ഇ) | മില്ലിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ഇ) | 2014-15 സാമ്പത്തിക വർഷത്തിൽ മില്ലിന് 61.15 ലക്ഷം രൂപയും 2015-16 വാർഷിക ബഡ്ജറ്റിൽ 200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ മില്ലിന്റെ നവീകരണം നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങികഴിഞ്ഞു. ഇതു പൂർത്തീകരിക്കുന്ന മുറക്ക് മില്ലിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | മിൽ പൂർണതോതിൽ പ്രവർത്തിപ്പിക്കുവാൻ എന്നത്തേയ്ക്ക് കഴിയുമെന്ന് അറിയിക്കുമോ? | (എഫ്) | 2015 ജൂലൈ മാസത്തിൽ മില്ലിലെ മെഷീനുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നവീകരണം നടപ്പിലാക്കുന്നതോടുകൂടി 25000 സ്പിൻഡിൽസും പ്രവർത്തിപ്പിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ